# ALKHOZAMA INTERNATIONAL SCHOOL, DAMMAM

## B.E.S.T. Group of Schools, K.S.A.

Affiliated to CBSE – New Delhi- 5730008

**REVISION WORKSHEET - 1**
**GRADE – 7**

**Subject: MALAYALAM**

---

**I തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെ കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

സംഗീതം, സാഹിത്യം, അഭിനയം, നൃത്തം, വാദ്യം തുടങ്ങി വിവിധ കലാഘടകങ്ങൾ ഒത്തിണങ്ങിയിട്ടുള്ള ഒരു കലാരൂപമാണ് കഥകളി. ഇത് അഭിനയപ്രധാനമായ ഒരു ദൃശ്യകലയാണ്. മനുഷ്യരുടെ വിവിധ തരത്തിലുള്ള കർമ്മഭാവങ്ങൾ ഉൾക്കൊള്ളുന്നതായ ഇതിഹാസപുരാണങ്ങൾ തന്നെയാണ് കഥകളിയുടെ കഥകൾക്ക് അടിസ്ഥാനം. ഇതിലെ സാഹിത്യം, സംഗീതരൂപം കൈക്കൊണ്ടാണ് പ്രത്യക്ഷപ്പെടുന്നത്. ഭൂമിയിലും സ്വർഗ്ഗത്തിലും മറ്റും പല കാലങ്ങളിൽ നടന്നിട്ടുള്ള സംഭവങ്ങളെ അസാധാരണത്വവും അതിമാനുഷത്വവും പ്രത്യക്ഷപെടുത്തുന്ന കഥാപാത്രങ്ങൾ രംഗത്ത് അവതരിപ്പിക്കുന്നു. തന്മൂലം കൃത്രിമത്വം കലർന്ന കലാരൂപമായി ഇതിനെ ചിലർ വിശേഷിപ്പിച്ചിട്ടുണ്ട്. എന്നാൽ കഥകളിയിലെ കലാപരമായ രഹസ്യം അതിൻറെ അസാധാരണത്വത്തിൽ തങ്ങിനിൽക്കുന്ന രസികത തന്നെയാണ്.

1. കഥകളിയിലെ കഥാപാത്രങ്ങളുടെ പ്രത്യേകത എന്ത് ?
2. കഥകളി ഏതുതരം ദൃശ്യകലയാണ് ?
3. കഥകളിയിലെ കലാപരമായ രഹസ്യം എന്ത് ?
4. കഥകളി ഏതുതരം കലാരൂപമാണ് ?
5. കഥകളിയുടെ കഥകൾക്ക് അടിസ്ഥാനം എന്ത് ?

**II പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക**

പ്രൗഢമാണ്

പതിവാണ്

ശുദ്ധീകരിക്കാനുള്ള

കയ്യിഴ

മഹാശ്ചര്യം

നൂറ്റാണ്ട്

ഭസ്മവും

മുഖരിതമായ

**III** **വാക്യത്തിൽ പ്രയോഗിക്കുക**

വിസ്മരിക്കുക, ഉപജ്ഞാതാവ് , നാന്ദികുറിക്കുക ,ഐതിഹ്യം ആശ്രിതൻ,

**IV** **വിഗ്രഹാർത്ഥം എഴുതുക**

തന്നുടൽ , കവിത്രയം , ഇല്ലപ്പേര് , കൃഷ്ണചരിതം , പൗരജനം , ജീർണ്ണവസ്ത്രം, പൊതിയും പൊളിക്കുട ,വിയർപ്പുവെള്ളം മഹാകാവ്യം പ്രധാനകൃതി

**V** **അംഗവാക്യം അംഗിവാക്യം എന്നിവ എടുത്തെഴുതുക**

1. കവിയെന്ന നിലയിൽ പ്രസിദ്ധനായതോടെ അദ്ദേഹം അമ്പലപ്പുഴ മഹാരാജാവിൻറെ ആശ്രിതനായിത്തീർന്നു.
2. വീട്ടമ്മയെ കൊന്നു കവർച്ച നടത്തിയ പ്രതിയെ പോലീസ് പിടിച്ചു
3. തുള്ളൽ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവായ കുഞ്ചൻനമ്പ്യാർ പതിനെട്ടാം നൂറ്റാണ്ടിലാണ് ജീവിച്ചിരുന്നത് .
4. പാതിരാത്രിയായപ്പോൾ കാളിയമ്മ അവിടെയെത്തി .

**VI** **പ്രയോഗം മാറ്റുക**

1. അവർ ഒരു കവിത മത്സരം ഏർപ്പെടുത്തി
2. ഗുരു അധ്യാപനം ചെയ്തു .
3. കാർമേഘങ്ങൾ മഴ പെയ്യിക്കുന്നു
4. പുളിമരക്കൊമ്പിൽ വന്നിരുന്നു കാക്കയാൽ പറയപ്പെട്ടു.
5. അടുപ്പത്തു ചോറ് അമ്മയിൽ ഉണ്ടാക്കപ്പെട്ടു
6. പൂക്കാരി സുഗന്ധമുള്ള പൂക്കൾ വിട്ടു.

**VII** **വാക്യത്തിലെ തെറ്റ് തിരുത്തുക.**

1. കിളിപ്പാട്ട് പ്രസ്ഥാനത്തിന്റെ ജനയിതാവും പിതാവുമാണ് എഴുത്തച്ഛൻ.
2. ശ്രീകൃഷ്ണൻ തൻറെ കൈകളാൽ കുചേലനെ വാരിപ്പുണർന്നു.
3. തെറ്റുപറ്റിയ കുട്ടികൾ പിന്നീട് പശ്ചാത്തപിച്ചു
4. പുരാണ കഥ വർണ്ണനകൾ കൊണ്ടാണ് തുള്ളൽ കവിതകൾ ജനങ്ങൾ ആസ്വദിക്കാൻ കാരണം

*******************************************